ശ്രീ. കെ. എ. ജോർജ്ജ് : തോഷിബാ ആനന്ദിലെ തൊഴിൽപ്രശ്നവും വളരെ പ്രാധാന്യമുള്ളതാണു്. മാനേജ്മെൻറും തൊഴിലാളികളുമായി സംഘർഷാവസ്ഥയുണ്ടായിട്ടുണ്ടു്. അതിനു അടിയന്തിരമായി പരിഹാരം ഉണ്ടാക്കേണ്ടതാണു്.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : മന്നം ഷുഗർമിൽസിലെ കാര്യത്തെപ്പറ്റി എന്തു പരിഹാരമാണുണ്ടാകാൻ പോകുന്നതെന്നറിഞ്ഞില്ല.

മി. സ്പീക്കർ : നോട്ടീസിലെ വിവരങ്ങളെല്ലാം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. മന്ത്രിമാർ അതിന്മേൽ വേണ്ടതു ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കാം.

ശ്രീ. ആർ. എസ്. ഉണ്ണി : കശുവണ്ടിത്തൊഴിലാളികളുടെ പണിമുടക്കിനെ സംബന്ധിച്ചു റൂൾ 61 അനുസരിച്ചു ഒരു നോട്ടീസുതന്നിട്ടുണ്ടു്. അവർ പണിമുടക്കിക്കഴിത്തിരിക്കുകയാണു്. ഇന്നലെയാണു പണിമുടക്കാരംഭിച്ചതു്. നിയമപ്രകാരം പണിമുടക്കു നോട്ടീസുകൊടുത്തു കാലാവധി കഴിഞ്ഞിട്ടാണു് പണിമുടക്കു തുടങ്ങിയതു്.

മി. സ്പീക്കർ : അങ്ങനെയൊരു നോട്ടീസു റൂൾ 61 അനുസരിച്ചു കിട്ടിയിട്ടുണ്ടു്.

IV. CALLING ATTENTION UNDER RULE 61

Explosion on the quarry near Kottara in Wadakkancherry

മി. സ്പീക്കർ : ശ്രീ എൻ. കെ. ശേഷൻറെ റൂൾ 61 അനുസരിച്ചുള്ള നോട്ടീസിനെപ്പറ്റി സംസാരിക്കാം.

ശ്രീ. എൻ. കെ. ശേഷൻ : സർ, വളരെ ദാരുണമായ ഒരു സംഭവത്തിലേക്കു് ഈ സഭയുടെയും ബഹുമാനപ്പെട്ട ഗവണ്മെൻറിൻറെയും ശ്രദ്ധ ക്ഷണിക്കാനാണു് ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുന്നതു്. സ്ഥലം വടക്കേഞ്ചേരി ; സംഭവം നടക്കുന്നതു് 5-8-1969-ൽ ; സമയം ഉച്ചതിരിഞ്ഞു്. ഏതാനും തൊഴിലാളികളും ഒട്ടപാറ എന്ന സ്ഥലത്തു് പാറപൊട്ടിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഏറിൽപരം തൊഴിലാളികളും ജോലിയിൽ ഏർപ്പെട്ടിരുന്നു. വെടിമരുന്നുകൊണ്ടു് പാറപൊട്ടിച്ചതിനെത്തുടർന്നു അടുത്തുനിന്നിരുന്ന ഒരു വലിയപാറ പെട്ടെന്നു ഇടിഞ്ഞുവീണതിൻറെ ഫലമായി മൂന്നുപേർ അതിദാരുണമായ നിലയിൽ മണ്ണിനടിയിൽപെട്ടു് ജീവനോടെ കുഴിച്ചുമൂടപ്പെടുകയാണുണ്ടായതെന്നു റിപ്പോർട്ടുണ്ടു്. വെടിമരുന്നുപയോഗിച്ചു പാറപൊട്ടിക്കുന്ന അവസരത്തിൽ അടുത്തുനിന്നിരുന്ന പാറപൊട്ടിതെറിക്കുകയും, പൊട്ടി വീണ പാറയുടെ അടിയേറ്റു രണ്ടു സ്ത്രീയും ഒരു കുട്ടിയും ദാരുണമായ മരണത്തിനിടയാവുകയുമാണുണ്ടായതു്. ആ സംഭവത്തെത്തുടർന്നു ആർ. ഡി. ഒ. യും തഹസീൽദാരും മറ്റും അവിടെചെന്നതായിട്ടാണു് എനിക്കു മനസ്സിലാക്കാൻ സാധിച്ചതു്. പക്ഷെ മരണമടഞ്ഞവരുടെ കുടുംബത്തിൻറെ ഭാവി സുരക്ഷിതത്വത്തിനും സമാധാനത്തിനുംവേണ്ടി ഗവണ്മെൻറിൽനിന്നു എന്തെങ്കിലും ധനസഹായം നൽകുന്നതിനു സാധിക്കുമോ എന്നതിനെസംബന്ധിച്ചു അന്വേഷിച്ചതിൽ ഗവണ്മെൻറിലേക്കു എഴുതിയിട്ടുണ്ടെന്ന മറുപടിയാണു് കളക്ടരിൽനിന്നു അവർക്കു് ലഭിച്ചിട്ടുള്ളതു്. മാത്രമല്ല, അപമൃത്യുവിനിരയായവർക്കു പുറമേ വേറെ ചില തൊഴിലാളികളുടെ നിലയും ഗുരുതരമായിട്ടുണ്ടു്. ചിലരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടു്. അവർക്കു വേണ്ടതു ശുശ്രൂഷകളും ലഭിക്കുന്നുണ്ടോ എന്നകാര്യം അന്വേഷിക്കേണ്ടതാണു്.

എനിക്കു പറയാനുള്ളതു് ഈ പ്രശ്നത്തിൽ പ്രകൃതിക്ഷോഭംകൊണ്ടായാലും മറ്റു തരത്തിലുള്ള ഹേതുക്കളാലും ഉദ്ദരന്തങ്ങൾക്കു വിധേയരായിട്ടുള്ളവരുടെ കുടുംബങ്ങൾക്കു് വേണ്ടതു സഹായം ചെയ്യുന്നതിനു്, മറ്റെന്തെങ്കിലും ബന്ധപ്പെട്ടവർ അർഹരായിട്ടുണ്ടെങ്കിൽ അവർക്കു വേണ്ട സഹായം ചെയ്യുന്നതിനും ഗവണ്മെൻറു മുൻകൈയെടുക്കണമെന്നാണു്. ഈ കാര്യങ്ങൾ ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെടുത്തുവാൻവേണ്ടി ഞാൻ എൻറെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ അടുത്ത തിങ്കളാഴ്ച വിവരം അന്വേഷിച്ചിട്ടു മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സമ്മർ വെക്കേഷനു ശമ്പളം കിട്ടണമെങ്കിൽ, പ്രൈവറ്റ്സ്കൂൾ ടീച്ചേഴ്സിനു്, വെക്കേഷനുമുൻപു 8 മാസത്തെ സർവ്വീസുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥമൂലം പ്രൈവറ്റ്സ്കൂൾ ടീച്ചേഴ്സിനു നേരിട്ടിരിക്കുന്ന വിഷമങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രീ. പി. പി. ജോർജ് മൂലം 61 അനുസരിച്ചു് ഒരു നോട്ടീസു തന്നിട്ടുണ്ടു്. നിരന്തരമായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമംമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനു് ശ്രീ. എ. എസ്. പുരുഷോത്തമൻ ഒരു നോട്ടീസു നൽകിയിട്ടുണ്ടു്.

കോഴിക്കോട്ടു ജില്ലയിൽ തിരുവണ്ണൂർ കോട്ടൺമിൽ, മോഡേൺടയിൽ ഫാക്ടറി, കാലിക്കറ്റ് മോഡേൺ സ്പിന്നിംഗ്മിൽ മുതലായവ പൂട്ടിയിട്ടതിനെത്തുടർന്നു നാലായിരം തൊഴിലാളികൾക്കു് തൊഴിലില്ലാതായതുമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്താൻ ശ്രീ. ചാത്തുണ്ണി മാസ്റ്റർ ഒരു നോട്ടീസു തന്നിട്ടുണ്ടു്.

1969–70 സ്കൂൾവർഷത്തേക്കു് ടി. ടി. സി. കോഴ്സിനുള്ള കുട്ടികളെ ഇതുവരെ തിരഞ്ഞെടുക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ. പി. എൻ. ചന്ദ്രസേനൻ നോട്ടീസു നൽകിയിട്ടുണ്ടു്.

മലബാറിലെ ചെത്തു തൊഴിലാളികൾക്കും, തിരു–കൊച്ചിപ്രദേശത്തെ ചെത്തു തൊഴിലാളികൾക്കുലഭിക്കുന്ന ആനുകൂല്യങ്ങൾ കിട്ടത്തക്കവണ്ണം ആവശ്യമായ നടപടികൾ എടുക്കുന്നതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു ശ്രീ ഗോവിന്ദപ്പണിക്കർ നോട്ടീസു് തന്നിട്ടുള്ളതു്.

മാനേജ്മെന്റും തൊഴിലാളികളും തമ്മിൽ ഉണ്ടായിട്ടുള്ള ചില തർക്കങ്ങളെത്തുടർന്നു് ചെങ്ങമനാട്ടു തോഷിബാ ആനന്ദു് ലാക്കൗട്ടു ചെയ്തതുമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ. എ. പി. കുര്യൻ, ശ്രീ. കെ. എം. ജോർജ് എന്നിവർ നോട്ടീസു നൽകിയിട്ടുണ്ടു്,

ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കുന്നതിനുവേണ്ടി, ചിത്രപുരത്തു സബ് കളക്ടരുടെ ആഫീസിനുമുൻപിൽ നടത്തിവരുന്ന സത്യാഗ്രഹം മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ ഗണപതി നോട്ടീസു തന്നിട്ടുണ്ടു്, ബോണസു അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ഒരു ലക്ഷത്തോളം കശുവണ്ടിതൊഴിലാളികൾ തുടങ്ങിയിരിക്കുന്ന പണിമുടക്കുമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു് ആർ. എസ്. ഉണ്ണി നോട്ടീസു നൽകിയിരിക്കുന്നതു്. ഞായറാഴ്ചകളിൽ വില്ലേജിലുള്ള, 'ഹരിജൻ കാളനി' ചിലർ കൈയ്യേറുകയും അവിടെ ഉണ്ടായിരുന്ന സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായി ശ്രീ ചന്ദ്രശേഖരശാസ്ത്രി നോട്ടീസു നൽകിയിട്ടുണ്ടു്.

ഈ കാര്യങ്ങൾ ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണു്.

V LEGISLATIVE BUSINESS

The Kerala Panchayati Raj Bill, 1967. Motion for consideration.–

Mr Speaker : We shall now resume discussion on the motion for consideration of the Kerala Panchayati Raj Bill.

ശ്രീ. എം. കെ. കേളു : ഞാൻ ഇന്നലെ പറഞ്ഞു നിറുത്തിയതു് മുനിസിപ്പാലിറ്റികളുടേയും കാർപ്പറേഷനുകളുടേയും കാര്യത്തെ സംബന്ധിച്ചാണു്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ഈ മൂന്നുസ്ഥാപനങ്ങളും, പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കാർപ്പറേഷനുകളും ജില്ലാസമിതികളുടെ നിയന്ത്രണത്തിൽ വരുമ്പോഴും

LIBRARY ARCHIVES Kerala Legislative Assembly